പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3220 — 19-06-2019-ലെ മറുപടിയ്ക്ക്

# കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീമതി.സി.കെ. ആശ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ പുതുക്കിയ വിള ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ഭീമ യോജനയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു.<br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കും. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാരതുക നൽകുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്. |

കൃഷി ഭവനുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശിക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷ ഫോറത്തിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതാണ്. കൃഷി ഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖകളിൽ അടയ്ക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ പോളിസി കർഷകന് നൽകും. 15 ദിവസത്തിനുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ കൃഷി ഭവനിൽ അപേക്ഷ നൽകണം. കൃഷി ഭവനിൽ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തണം.

പ്രധാനമന്ത്രി ഫസൽ ഭീമ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീ പിടിത്തം മുതലായ പ്രകൃതി ക്ഷോഭങ്ങൾ മൂലമോ, രോഗ കീടങ്ങളുടെ ആക്രമണം മൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽ നിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.

നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം നെൽകൃഷിയ്ക്ക് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ മൂന്ന് ജില്ലകൾക്കാണ് പ്രയോജനപ്പെടുക. വാഴ, മരച്ചീനി എന്നീ വിളകൾ എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് ഇൻഷ്വർ ചെയ്യാവുന്നതാണ്.

വാഴ, മരച്ചീനി എന്നീ വിളകൾക്ക് ഇൻഷ്വറർ ചെയ്യുന്ന തുകയുടെ 5% ൽ അധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു. ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകുന്നതാണ്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ

| | | | |
|---|---|---|---|
| | | | കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നടപ്പിലാക്കി വരുന്ന ഈ പദ്ധതിയിൽ ആലപ്പുഴ, പത്തനംതിട്ട ഒഴികെയുള്ള മറ്റ് ജില്ലകൾക്കാണ് ആനുകൂല്യം കിട്ടുന്നത്. |
| (ബി) | എന്തൊക്കെ കാരണങ്ങളാൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കാണ് വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നീ പ്രകൃതി ക്ഷോഭങ്ങൾക്കാണ് പദ്ധതി സംരക്ഷണം നൽകുന്നത്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീടരോഗ ബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. |
| (സി) | വിള ഇൻഷ്വറൻസിൽ അംഗമാകുന്നതിന് ഒരു കർഷകൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | 1. സ്വന്തമായോ പാട്ടത്തിനോ കൃഷി ചെയ്യുന്ന കർഷകനായിരിക്കണം.<br>2. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന പാടശേഖരം.<br>3. ഗ്രൂപ്പ് ഫാമിംഗ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ വ്യക്തിഗത അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്യണം.<br>4. സർക്കാർ കാലാകാലങ്ങളിൽ ഓരോ വിളയ്ക്കും നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കണം.<br>5. ഓരോ വിളയും ഭാഗികമായി ഇൻഷ്വർ ചെയ്യാൻ സാധ്യമല്ല.<br>6. ഉല്പാദനക്ഷമത കുറഞ്ഞതും, പ്രായാധിക്യം ഉള്ളതുമായ വൃക്ഷ വിളകൾ ഇൻഷ്വർ ചെയ്യാൻ പാടില്ല. |
| (ഡി) | വിളകൾക്ക് ഉണ്ടാകുന്ന ഭാഗീകമായ നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുമോ; | (ഡി) | നെൽ കൃഷി ഒഴികെ മറ്റ് വിളകൾക്ക് ഭാഗികമായ കൃഷി നാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകില്ല. |
| (ഇ) | ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടങ്ങൾ വിള ഇൻഷ്വറൻസിൽ ചേരുന്നതിനുള്ള നിബന്ധനകൾ അറിയിക്കുമോ? | (ഇ) | ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ, പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിള ഇൻഷ്വറൻസിൽ ചേരാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| നമ്പർ | വിളകൾ | നഷ്ടപരിഹാര തോത് | |
|---|---|---|---|
| | | 1995-ലെ ഉത്തരവ് പ്രകാരം നൽകി വന്ന നഷ്ടപരിഹാര തുക | 2017-ൽ വർദ്ധിപ്പിച്ച നഷ്ടപരിഹാര തുക |
| 1. | തെങ്ങ് | തെങ്ങൊന്നിന് 1,000 രൂപ | തെങ്ങൊന്നിന് 2,000 രൂപ |
| 2. | കമുക് | ഒരു മരത്തിന് 100 രൂപ | ഒരു മരത്തിന് 200 രൂപ |
| 3. | റബ്ബർ | ഒരു മരത്തിന് 500 രൂപ | ഒരു മരത്തിന് 1,000 രൂപ |
| 4. | കശുമാവ് | ഒരു മരത്തിന് 200 രൂപ | ഒരു മരത്തിന് 750 രൂപ |
| 5. | വാഴ | ഏത്തൻ, കപ്പ, പാളയംതോടൻ, റോബസ്റ്റ<br>കലച്ചതിന് 50 രൂപ.<br>കലയ്ക്കാത്തതിന് 20 രൂപ. | ഏത്തൻ, കപ്പ<br>കലച്ചതിന് 300 രൂപ.<br>കലയ്ക്കാത്തതിന് 150 രൂപ.<br>ഞാലിപ്പൂവൻ<br>കലയ്ക്കാത്തതിന് 100 രൂപ.<br>കലച്ചതിന് 200 രൂപ.<br>മറ്റിനങ്ങൾ<br>കലയ്ക്കാത്തതിന് 50 രൂപ.<br>കലച്ചതിന് 75 രൂപ. |
| 6. | മരച്ചീനി | ഹെക്ടർ ഒന്നിന് 5,000 രൂപ | ഹെക്ടർ ഒന്നിന് 10,000 രൂപ |
| 7. | കൈതച്ചക്ക | ഹെക്ടർ ഒന്നിന് 25,000 രൂപ | ഹെക്ടർ ഒന്നിന് 50,000 രൂപ |
| 8. | കുരുമുളക് | ഓരോ താങ്ങു മരത്തിലും ഉള്ളതിന് 40 രൂപ വീതം | ഓരോ താങ്ങു മരത്തിലും ഉള്ളതിന് 200 രൂപ വീതം |
| 9. | ഏലം | ഹെക്ടർ ഒന്നിന് 30,000 രൂപ | ഹെക്ടർ ഒന്നിന് 60,000 രൂപ |
| 10. | ഇഞ്ചി | ഹെക്ടർ ഒന്നിന് 40,000 രൂപ | ഹെക്ടർ ഒന്നിന് 80,000 രൂപ |
| 11. | മഞ്ഞൾ | ഹെക്ടർ ഒന്നിന് 40,000 രൂപ | ഹെക്ടർ ഒന്നിന് 60,000 രൂപ |
| 12. | കാപ്പി | ഒരു മരത്തിന് 75 രൂപ | ഒരു മരത്തിന് 350 രൂപ |
| 13. | തേയില | ഹെക്ടർ ഒന്നിന് 60,000 രൂപ.<br>ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. | ഹെക്ടർ ഒന്നിന് 70,000 രൂപ.<br>ഇൻഷ്വർ ചെയ്തതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| 14. | കൊക്കോ | ഒരു മരത്തിന് 35 രൂപ | ഒരു മരത്തിന് 300 രൂപ |
| 15. | നിലക്കടല | ഹെക്ടർ ഒന്നിന് 8,000 രൂപ | ഹെക്ടർ ഒന്നിന് 12,000 രൂപ |
| 16. | എള്ള് | ഹെക്ടർ ഒന്നിന് 5,000 രൂപ | ഹെക്ടർ ഒന്നിന് 12,500 രൂപ |
| 17. | പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് 15,000 രൂപ. പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് 25,000 രൂപ | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് 25,000 രൂപ. പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് 40,000 രൂപ |
| 18. | ജാതി | 200 രൂപ ഒരു മരത്തിന് | 3,000 രൂപ ഒരു മരത്തിന് |

| | | | |
|---|---|---|---|
| 19 | ഗ്രാമ്പൂ | 150 രൂപ ഒരു മരത്തിന് | 1,000 രൂപ ഒരു മരത്തിന് |
| 20 | വെറ്റില | സെന്റൊന്നിന് 250 രൂപ | സെന്റൊന്നിന് 1,000 രൂപ |
| 21. | പയർവർഗ്ഗങ്ങൾ | ഹെക്ടറിന് 2,500 രൂപ. | ഹെക്ടറിന് 10,000 രൂപ. |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | ചേന ഹെക്ടറിന് 25,000 രൂപ. മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് 10,000 രൂപ. | ചേന ഹെക്ടറിന് 35,000 രൂപ മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് 15,000 രൂപ. |
| 23. | കരിമ്പ് | ഹെക്ടറൊന്നിന് 30,000 രൂപ. | ഹെക്ടറൊന്നിന് 50,000 രൂപ |
| 24. | പുകയില | ഹെക്ടറൊന്നിന് 20,000 രൂപ. | ഹെക്ടറൊന്നിന് 20,000 രൂപ. |
| 25. | നെല്ല് | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 3,000 രൂപ. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 5,000 രൂപ. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 15,000 രൂപ. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 35,000 രൂപ. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

**ദീർഘകാല വിളകൾക്ക് നട്ടന്നതു മുതൽ കായ്ച്ച തുടങ്ങുന്നതു വരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണം**

| നമ്പർ | വിളകൾ | നഷ്ടപരിഹാര തോത് | |
|---|---|---|---|
| | | 1995-ലെ ഉത്തരവ് പ്രകാരം നൽകി വന്നത് | 2017-ൽ വർദ്ധിപ്പിച്ച തുക |
| 1. | തെങ്ങ് | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് 100 രൂപ. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 200 രൂപ | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് 200 രൂപ. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 400 രൂപ |
| 2. | കമുക് | 3 വർഷം വരെ ഒരെണ്ണത്തിന് 25 രൂപ. 3 വർഷത്തിനു മേൽ 6 വർഷം വരെ ഒരെണ്ണത്തിന് 40 രൂപ. | 3 വർഷം വരെ ഒരെണ്ണത്തിന് 50 രൂപ. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് 80 രൂപ. |
| 3. | റബ്ബർ | 3 വർഷം വരെ ഒരെണ്ണത്തിന് 100 രൂപ. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് 300 രൂപ. | 3 വർഷം വരെ ഒരെണ്ണത്തിന് 200 രൂപ. 3 വർഷത്തിനു മേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600 രൂപ. |
| 4. | കശുമാവ് | 3 വർഷം വരെ ഒരെണ്ണത്തിന് 50 രൂപ | 3 വർഷം വരെ ഒരെണ്ണത്തിന് 100 രൂപ. |
| 5. | കുരുമുളക് | ആദ്യത്തെ 2 വർഷം ഒരു താങ്ങു മരത്തിനുള്ളതിന് 10 രൂപ. 2 വർഷം മുതൽ 4 വർഷം വരെ 20 രൂപ. | ആദ്യത്തെ 2 വർഷം ഒരു താങ്ങു മരത്തിനുള്ളതിന് 50 രൂപ. 2 വർഷം മുതൽ 4 വർഷം വരെ 100 രൂപ. |

സെക്ഷൻ ഓഫീസർ